പാഠം - 5

# പ്രിയദർശനം.

പാഠഭാഗത്തിന്റെ ആശയം ഗദ്യരൂപത്തിൽ എഴുതുക.

കുമാരനാശന്റെ അതിമനോഹരമായ കാവ്യമാണ് "നളിനി". സ്ത്രീ പുരുഷ ബന്ധത്തിന്റെ ആഴവും പരപ്പും മനശ്ശാസ്ത്രപരമായി വിലയിരുത്തുന്ന ഈ കവിതാ ലോകത്തിൽ വ്യത്യസ്തമായ അനുഭവം പകരുന്ന കൃതിയാണ്.

ബാല്യകാല സുഹൃത്തായിരുന്ന ദിവാകരനെ നളിനിക്ക് വളരെ ഇഷ്ടമായിരുന്നു. ദിവകരനും തിരിച്ചു ഇഷ്ടമായിരുന്നു. ലൗകിക ജീവിതത്തിൽ വിരക്തി പൂണ്ടു നാടുവിട്ട ദിവാകരനെ കുറിച്ചോർത്ത് നളിനി അതികഠിനമായി ദുഃഖിച്ചു. കാലം കടന്നു പോകെ നളിനിയ്ക്കു കല്യാണാലോചനയുമായി. ഇതറിഞ്ഞ നളിനി ആത്മഹത്യ ചെയ്യാൻ സരസ്സിൽ ചാടി. അവിടെ എത്തുന്ന സന്യാസിനി രക്ഷപ്പെടുത്തി. അങ്ങനെ അവരുടെ കൂടെ പോകുമ്പോൾ ഹിമാലയത്തിൽ ദിവാകരനെ കണ്ടെത്തുന്നു. കണ്ടെത്തുമ്പോഴുള്ള അവസ്ഥയാണ് കവിതാസന്ദർഭം.

കഷ്ടകാലം കഴിഞ്ഞു എന്ന് ആദ്യം തന്നെ ദിവാകരനോട് പറയുന്നു. തന്നെ കാണാ- -നിരുന്നിട് പ്രാർത്ഥനയിലായിരുന്നു ഞാൻ. തന്റെ ആഗ്രഹം സാധിച്ചെന്നും പറഞ്ഞു. നളിനിയുടെ കണ്ണുകൾ ആനന്ദം കൊണ്ട് നിറഞ്ഞെന്ന് കവി പറയുന്നു. ശേഷം, ധീരനായ സന്യാസി അവളുടെ മുഖത്തേക്കു നോക്കി. അദ്ദേഹം ആ കണ്ണുകളെ പനിനീരിനോട്

ഉപമിച്ചിരിക്കുന്നു. മഞ്ഞുകണങ്ങൾ പോലെയാണെന്ന് കവി പറയുന്നു. ആരാണെന്ന് അറിഞ്ഞതോടെ മനസ്സിലാക്കിയതോടെ കുട്ടികാലത്തെ തങ്ങളുടെ പവിത്രമായ ബന്ധത്തിനു ചേർന്ന വാക്കുകൾ ദിവാകരൻ പറയുന്നതാണ് ആദ്യ നാലു പദ്യഖണ്ഡത്തിൽ പറയുന്നു.